आज़ादी का अमृत महोत्सव

# കാലാവസ്ഥാ മുന്നറിയിപ്പും കാർഷിക നിർദ്ദേശങ്ങളും

(പ്രാബല്യം: **09.06.2021** മുതൽ **13.06.2021** വരെ)

## കാസറഗോഡ് ജില്ല

കേരള കാർഷിക സർവ്വകലാശാല പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രം പിലിക്കോ
ഇന്ത്യ കാലാവസ്ഥാ വകുപ്പും സംയുക്തമായി പുറത്തിറക്കുന്നത്

| ബുള്ളറ്റിൻ നമ്പർ: പിലിക്കോട്/ കെ.എസ്.ഡി.46/2021 | തീയ്യതി: 08/06/2021 |
|---|---|

### എ. പിന്നിട്ട നാല് ദിവസത്തെ കാലാവസ്ഥ

| മഴ, മി.മീ | കൂടിയ താപനില, °C | കുറഞ്ഞ താപനില, °C | ആപേക്ഷിക ആർദ്രത, % | കാറ്റിന്റെ വേഗത, കി.മീ/മണിക്കൂർ |
|---|---|---|---|---|
| 45.1 | 29.5 – 38.0 | 22.5 – 25.0 | 68 - 96 | 04- 06 |

### ബി. വരുന്ന അഞ്ച് ദിവസങ്ങളിലേക്കുള്ള കാലാവസ്ഥാ മുന്നറിയിപ്പ്

| സൂചിക | 09-06-2021 | 10-06-2021 | 11-06-2021 | 12-06-2021 | 13-06-2021 |
|---|---|---|---|---|---|
| മഴ, മി.മീ | 4 | 15 | 15 | 17 | 20 |
| കൂടിയ താപനില, °C | 33 | 32 | 32 | 32 | 32 |
| കുറഞ്ഞ താപനില, °C | 24 | 23 | 23 | 23 | 23 |
| കൂടിയ ആപേക്ഷിക ആർദ്രത, % | 96 | 96 | 96 | 96 | 96 |
| കുറഞ്ഞ ആപേക്ഷിക ആർദ്രത, % | 65 | 65 | 65 | 65 | 65 |
| കാറ്റിന്റെ വേഗത, കി.മീ/മണിക്കൂർ | 10 | 10 | 12 | 8 | 16 |
| കാറ്റിന്റെ ദിശ, ഡിഗ്രി | 290 | 320 | 320 | 320 | 290 |
| മേഘ വിന്യാസം, ഒക്ടാ | 7 | 8 | 8 | 8 | 8 |

### സി. കാർഷിക നിർദ്ദേശങ്ങൾ

| വിള | ഘട്ടം | പ്രശ്നങ്ങൾ | കാർഷിക നിർദ്ദേശങ്ങൾ |
|---|---|---|---|
| പൊതു നിർദ്ദേശങ്ങൾ | സാമാന്യം ഭേദപ്പെട്ട മഴയുണ്ടാകും.<br><br>നിലവിലെ കാലാവസ്ഥ നെല്ലിൽ ബാക്റ്റീരിയൽ ഇല കരച്ചിൽ, വാഴയിൽ ഇല വാട്ടം ഇഞ്ചിയിൽ വട്ട രോഗം തുടങ്ങിയ രോഗങ്ങൾ പടരുന്നതിനുള്ള സാഹചര്യമാകും. തുടക്കത്തിലേ കണ്ടെത്തി ചികിത്സിച്ചാൽ മാത്രമേ രോഗം നിയന്ത്രിക്കാൻ സാധിക്കുകയുള്ളൂ<br><br>തോട്ടങ്ങളിൽ സമ്പൂർണ ശുചിത്വം അവലംബിക്കുക.<br><br>രോഗം വന്നു നശിച്ച ചെടികൾ ഉണ്ടെങ്കിൽ അവ പൂർണമായും പിഴുതുമാറ്റി തീയിട്ടു നശിപ്പിക്കണം. വാഴത്തോപ്പിലും ഇഞ്ചിക്കൃഷിയിടങ്ങളിലും നല്ല നീർ വാർച്ച ഉറപ്പുവരുത്തുക.<br><br>വൃക്ഷവിളകൾ നടൻ അനുയോജ്യമായ | | |

| | | | |
|---|---|---|---|
| നെല്ല് | പറിച്ചു നടീൽ | വരമ്പുകളിലെ ദ്വാരങ്ങളെല്ലാം ചെളി ഉപയോഗിച്ച് അടക്കുക. ജല നിർഗമന ചാലുകളിലെ തടസ്സങ്ങൾ നീക്കം ചെയ്യുക. നടുന്നതിനു മുന്നേ പാടം നന്നായി ഉഴുതു മറിച്ച് ചളിപരുവമാക്കി പലകയുപയോഗിചു നിരപ്പാക്കുക<br><br>നടുന്നതിന് മുൻപ് സ്യൂഡോമോണസ് ലായനിയിൽ ഞാറിന്റെവേരുകൾ 20 മിനിട്ടു നേരം മുക്കി വെയ്ക്കുന്നത് പൂപ്പൽ രോഗബാധ തടയുന്നതിനും നന്നായി വേരുകൾ വളരുന്നതിനും സഹായകമാകും.<br><br>പറിച്ചുനടുന്ന സമയത്ത് മധ്യകാല മൂപ്പുള്ള ഇനങ്ങൾക്ക് സെന്റിന് 400 ഗ്രാം യൂറിയ, 900 ഗ്രാം മസൂറിഫോസ്, 150 ഗ്രാം പൊട്ടാഷ്-ഉം ഹ്രസ്വകാലമൂപ്പുള്ള ഇനങ്ങൾക്ക് സെന്റിന് 400 ഗ്രാം യൂറിയ, 700 ഗ്രാം മസൂറിഫോസ്, 120 ഗ്രാം പൊട്ടാഷ്-ഉം അടിവളമായി ചേർത്ത് കൊടുക്കണം. പൊട്ടാഷ് വളപ്രയോഗം കുമ്മായം ചേർത്ത് രണ്ടാഴ്ച കഴിഞ്ഞതിനുശേഷം മാത്രമേ പാടുള്ളൂ. | |
| | പറിച്ചു നട്ടയിടങ്ങൾ | ഇലകരിച്ചിൽ<br> | 20 ഗ്രാം പച്ച ചാണകം ഒരു ലിറ്റർ വെള്ളത്തിൽ കലക്കി തെളിയെടുത്തു തളിക്കണം. ബ്ലീച്ചിങ് പൗഡർ കിഴികളിലാക്കി ഏക്കറിന് 2 കിലോ ഇട്ടു കൊടുക്കണം. സ്ട്രെപ്റ്റോസൈക്ലിൻ ഏക്കറിന് 100 ഗ്രാം 200 ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ കലക്കി തളിക്കുക. |
| ഇഞ്ചി | വാട്ടം | വാട്ടം<br><br> | രോഗബാധയില്ലാത്തിടങ്ങളിൽ നിന്ന് ശേഖരിച്ച വിത്തിഞ്ചി മാത്രം നടാൻ ഉപയോഗിക്കുക. ഒരു സെന്റിന് മൂന്നുകിലോ വീതം കുമ്മായം മണ്ണിൽ ചേർത്തിളക്കുക. ട്രൈക്കോഡെർമ, സ്യൂഡോമോണസ് എന്നീ ജീവാണുക്കൾ ഉപയോഗിക്കുക.<br><br>രോഗം വന്ന ചെടികൾ പിഴുതുമാറ്റി ഒരുശതമാനം വീര്യമുള്ള ബോഡോമിശ്രിതം കൊണ്ട് തടം കുതിർക്കുക. |
| വാഴ | വിവിധ ഘട്ടം | ഇലപ്പുള്ളി/ ഇലവാട്ടം<br> | മുൻ കരുതലായി സ്യൂഡോമോണസ് ഒരുലിറ്റർ വെള്ളത്തിന് 20 ഗ്രാം വീതം കലർത്തി തളിക്കുന്നത് രോഗം വരാതിരിക്കാൻ സഹായിക്കും.<br><br>രോഗം കാണുകയാണെങ്കിൽ, ബാധിച്ച ഇലകൾ വെട്ടി മാറ്റി തീയിട്ടു നശിപ്പിക്കുക. ഒരുശതമാനം വീര്യമുള്ള ബോഡോ മിശ്രിതം പശ കൂട്ടി ഇലകളുൾടെ ഇരുവശവും തളിക്കുക |

| | | | |
|---|---|---|---|
| പശു | പാലുല്പാദന ഘട്ടം | അകിടു വീക്കം   | അകിടു വീക്കം: വൃത്തിഹീനമായ തൊഴുത്തിൽ നിന്നും, അണുക്കളുടെ വാഹകരായ ഈച്ച, കൊതുക്, കീടങ്ങൾ എന്നിവയിൽ നിന്നും അകിടിലേക്ക് അണുബാധയുണ്ടാകുന്നു. അകിടിന്റെ ഒരു കാമ്പിൽ നിന്നും മറ്റു കാമ്പുകളിലേക്കും ഒരു പശുവിൽ നിന്നും മറ്റു പശുക്കളിലേക്കും രോഗം പടരാം.<br><br>പാൽ സാധാരണ വെള്ള നിറം മാറി മഞ്ഞ നിറം കലർന്ന ദ്രാവകമായി മാറുന്നു, തീറ്റയെടുക്കാൻ വിമുഖത, ഗർഭമലസൽ, കടുത്ത പനി എന്നിവയാണ് മറ്റു ലക്ഷണങ്ങൾ. ചികിത്സ ലഭിക്കാതിരുന്നാൽ അകിടിന്റെ പാലുൽപാദന ക്ഷമത പൂർണ്ണമായി നശിച്ചു പോകുവാനും, പശു കിടപ്പിലായി മരണം വരെ സംഭവിക്കാനും സാധ്യതയുണ്ട്.<br><br>രോഗം വരുന്നത് തടയാനായി പശുക്കളുടെയും പരിസരങ്ങളുടെയും ശുചിത്വം എപ്പോഴും ഉറപ്പുവരുത്തുക, പ്രാണിശല്യം നിയന്ത്രിക്കുക, പശുക്കൾക്ക് രോഗപ്രതിരോധ ശേഷി നൽകുന്ന ടോണിക്കുകൾ നൽകുക. രോഗലക്ഷണങ്ങൾ കാണുകയാണെങ്കിൽ അടുത്തുള്ള മൃഗാശുപത്രിയുമായി എത്രയും പെട്ടെന്ന് ബന്ധപ്പെടുക. പ്രാരംഭഘട്ടത്തിൽ തന്നെ ചികിത്സ നൽകിയാൽ രോഗം ഫലപ്രദമായി നിയന്ത്രിക്കാം. |

ഒപ്പ്/-

നോഡൽ ഓഫീസർ

ഗ്രാമീണ കൃഷി കാലാവസ്ഥ സേവ പദ്ധതി